പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2027 17.03.2015-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസുമായി ബന്ധപ്പെട്ടു വാങ്ങിയ ഉപകരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ആർ.രാജേഷ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗെയിംസിന്റെ ആവശ്യാർത്ഥം വാങ്ങാൻ തീരുമാനിച്ചിരുന്ന കായിക ഉപകരണങ്ങളും മറ്റും ഗെയിംസ് ആരംഭിക്കുന്നതിന് മുമ്പ് തന്നെ ബന്ധപ്പെട്ട് കേന്ദ്രങ്ങളിൽ എത്തിക്കാനും കായികതാരങ്ങൾക്ക് ഉപയോഗിക്കാനും സാധ്യമാവുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | (എ) സാദ്ധ്യമാവുകയുണ്ടായി. |
| (ബി) കായിക ഉപകരണങ്ങളും മറ്റും കൃത്യസമയത്തിനകം വാങ്ങാൻ സാധിക്കാതിരുന്നതിനാൽ വാടകയ്ക്ക് വാങ്ങി ഉപയോഗിക്കേണ്ടി വന്നവ പ്രധാനമായും എന്തൊക്കെ; | (ബി) അത്തരം സാഹചര്യം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ദേശീയ ഗെയിംസിന്റെ ആവശ്യാർത്ഥം ജംഗമമായ വസ്തുക്കൾ വാങ്ങുന്നതിന് ബജറ്റിൽ വകയിരുത്തപ്പെട്ട മൊത്തം തുക എത്ര; വാങ്ങിയ ജംഗമ വസ്തുക്കൾ യഥാസമയം ലഭ്യമാകാത്തതിനാൽ വാടകയ്ക്ക് എടുക്കേണ്ടിവന്നതിലുണ്ടായ അധിക ചെലവ് എത്ര; എന്നീ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ? | (സി) | കായിക ഉപകരണങ്ങളും അനുബന്ധ വസ്തുക്കൾക്കുമായി 35 കോടി രൂപയാണ് ഗെയിംസിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. വാടകക്ക് എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**